തിരുവനന്തപുരം മൃഗശാലയിലെ അനക്കോണ്ട പാമ്പുകൾ

312 (2550) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മൃഗശാലയിൽ അനക്കോണ്ട പാമ്പുകളെ കൂടുകളിലേക്ക് ഇറക്കിവിടാൻ ടി മൃഗശാലയിലെ ജീവനക്കാരല്ലാത്ത ആരുടെയെങ്കിലും സേവനം തേടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിന് സർക്കാരിൽനിന്ന് അനുമതി നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ സർക്കാരനുമതിയില്ലാതെ ജീവനക്കാരനല്ലാത്ത ഒരാളെ കൊണ്ട് പ്രസ്തുത കൃത്യം നിർവ്വഹിപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) അനക്കോണ്ട പാമ്പുകളെ കൂടുകളിലേക്ക് ഇറക്കി വിടാൻ ജീവനക്കാർ അല്ലാത്ത ആരുടേയും സേവനം തേടിയിട്ടില്ല. എന്നാൽ അനക്കോണ്ടയെ പ്രദർശനത്തിനായി കൂട്ടിലേക്ക് മാറ്റിയപ്പോൾ പബ്ലിസിറ്റിക്കായി കേരളത്തിലെ ഏറ്റവും കൂടുതൽ പാമ്പുകളെ (രാജവെമ്പാല ഉൾപ്പെടെ) പിടികൂടി ജനങ്ങളുടെ ജീവൻ രക്ഷിച്ച വാവ സുരേഷിനെ അതിഥിയായി ക്ഷണിച്ചിട്ടുണ്ടായിരുന്നു.

(സി&ഡി) മൃഗങ്ങൾ/പക്ഷികൾ/ഉരഗങ്ങൾ എന്നിവയെ ഒരു കൂട്ടിൽ നിന്നും മറ്റൊരു കൂട്ടിലേക്ക് മാറ്റുമ്പോൾ പങ്കെടുക്കുന്ന വ്യക്തികൾക്കുള്ള അനുമതി സർക്കാരിൽ നിന്നും ആവശ്യപ്പെടേണ്ടതില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly